**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4393** **10-08-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016-ന ശേഷം നാളിതുവരെയായി തരിശുഭൂമികൾ കൃഷിഭൂമിയാക്കി മാറ്റുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | (എ) | 2016-ന ശേഷം നാളിതുവരെയായി തരിശുഭൂമികൾ കൃഷിഭൂമിയാക്കി മാറ്റുന്നതിന് കൈക്കൊണ്ട നടപടികൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം-3 ആയി ചേർക്കുന്നു. |
| (ഡി) | എറണാകുളം ജില്ലയിൽ കൃഷി ചെയ്തു വരുന്ന പൊക്കാളി നെല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | എറണാകുളം ജില്ലയിൽ കൃഷി ചെയ്തു വരുന്ന പൊക്കാളി നെല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതി കൾ അനുബന്ധം-4 ആയി ചേർക്കുന്നു. കൂടാതെ നെൽകൃഷി വികസന പദ്ധതിയിൽ കരി, കൈപ്പാട്, പൊക്കാളി എന്നീ പരമ്പരാഗത നെൽകൃഷി മേഖലകൾക്കുള്ള പ്രത്യേക ധനസഹായം എന്ന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 48.5233ലക്ഷം രൂപയുടെ പദ്ധതിയാണ് പൊക്കാളി പ്രദേശത്ത് നെൽകൃഷിക്ക് പ്രത്യേകമായി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം 2021-22 വർഷത്തിൽ നടപ്പിലാക്കുന്ന പ്രവർത്ത നങ്ങൾ അനുബന്ധം-5 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**2016 ന ശേഷം തരിശുഭൂമികൾ കൃഷിഭൂമിയാക്കി മാറ്റുന്നതിന് കൈക്കൊണ്ട നടപടികൾ :**

## 1. നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള തരിശ് കൃഷി

നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തരിശിട്ടിരുന്ന കൃഷിയോഗ്യമായ ഭൂമിയിൽ ഒന്നാം വർഷ തരിശ് നെൽകൃഷിക്ക് 30000 രൂപയും (25000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും) രണ്ടാം വർഷ തരിശ് നെൽകൃഷിക്ക് 7000 രൂപയും (5800 രൂപ കർഷകനും 1200 രൂപ ഭൂവുടമകൾക്കും) മൂന്നാം വർഷ തരിശ് നെൽകൃഷിക്ക് 4500 രൂപയും (3750 രൂപ കർഷകനും 750 രൂപ ഭൂവുടമകൾക്കും) ആനുകൂല്യമാണ് നൽകിയിരുന്നത്. എന്നാൽ 2020-21 വർഷത്തിൽ ഒന്നാം വർഷ തരിശു നെൽകൃഷിയുടെ ആനുകൂല്യം ഹെക്ടറിന് 30000 രൂപയിൽ നിന്ന് 40000 രൂപയായി വർദ്ധിപ്പിച്ചു (35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും). കഴിഞ്ഞ സർക്കാർ കാലയളവിൽ ആകെ 4483.0595 ലക്ഷം രൂപയാണ് ഇതിനായി വിനിയോഗിച്ചത്. ആയതിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി നടപ്പിലാക്കിയ വിസ്തൃതി (ഹെക്ടറിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 2016-17 | 2372.02457 | 688.00200 |
| 2017-18 | 6916.54000 | 1727.40000 |
| 2018-19 | 7438.43004 | 1431.02800 |
| 2019-20 | 2469.74700 | 412.80000 |
| 2020-21 | 3804.65000 | 223.82950 |

തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നെൽകൃഷി വികസന പദ്ധതിയിൽ 2021-22 വർഷം 300 ലക്ഷം രൂപ 750 ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നീക്കി വെച്ചിട്ടുണ്ട്.

## 2. പച്ചക്കറി

ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000 രൂപയുമാണ് നൽകി വരുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷം മുതൽ ടി തുക വർദ്ധിപ്പിച്ച് 40000/- രൂപയാക്കിയിട്ടുണ്ട്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 37000 രൂപയുമാണ് നൽകി വരുന്നത്. 2016 ന ശേഷം നാളിതുവരെ 3754 ഹെക്ടർ തരിശു നിലത്തു പച്ചക്കറിക്കൃഷി നടപ്പിലാക്കി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) യും നടപ്പിലാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കുന്നു. പൂർണമായും സ്വാഭാവിക കൃഷിയിലൂടെ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പിജിഎസ് ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും. പദ്ധതിയിൽ സുഭിക്ഷ കേരളത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 വർഷം വരെ ഹെക്ടറിന് 30000/- രൂപയാണ് ധനസഹായം നൽകിയിരുന്നത്.

### 3 . സുഭിക്ഷകേരളം പദ്ധതി

കോവിഡ്-19 പ്രതിസന്ധി ഉയർത്തുന്ന ഭക്ഷ്യസുരക്ഷയുടെ വെല്ലുവിളികളെ നേരിടാൻ ഭക്ഷ്യവിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

- കേരളത്തിൽ ഒരു ലക്ഷത്തോളം ഹെക്ടർ തരിശുഭൂമി കൃഷിക്ക് അനുയോജ്യമാണെന്ന് കണക്കാക്കപ്പെടുന്നു. ഓരോ കൃഷി ഭവന്റെ പരിധിയിലുള്ള തരിശുഭൂമി കണ്ടെത്തുകയും ആയതു ക്രോഡീകരിച്ച് കൃഷിക്ക് അനുയോജ്യമായ സ്ഥലം തിട്ടപ്പെടുത്തുകയും ചെയ്തു.

- കൃഷിഭവനുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം പദ്ധതി നിർവ്വഹണം വിജയപ്രദമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യും നടപ്പിലാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു.

- 2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

- സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കുന്നു. പൂർണമായും സ്വാഭാവിക കൃഷിയിലൂടെ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പിജിഎസ് ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും. സി.റ്റി.സി.ആർ.ഐ., കുടുംബശ്രീ തുടങ്ങിയ വിവിധ സംസ്ഥാന / കേന്ദ്ര സ്ഥാപനങ്ങളുമായുള്ള കൃത്യമായ ഏകോപനവും ഉറപ്പാക്കി.

- തരിശുനില കൃഷിക്ക് കൂടുതൽ ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനായി വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചു .

- പ്രാദേശിക ആവശ്യവും വിപണന സാധ്യതയും പരിഗണിച്ച് വിവിധ വിളകളായ നെല്ല് ,

പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ (പ്രധാനമായി വാഴപ്പഴം), പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ (Millets) എന്നിവ കരഭൂമിയിലെ ഇടവിള കൃഷിക്കായി തെരഞ്ഞെടുത്തു.

- യുവജനങ്ങൾ, വിദേശത്ത് നിന്നും തിരിച്ചെത്തിയ പ്രവാസികൾ എന്നിവരിൽ നിന്നും കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുവാൻ താൽപ്പര്യമുള്ളവരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി ധന സഹായത്തുകയുടെ തോത് ഗണ്യമായി വർദ്ധിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കി.
- കൃഷിഭവനിലെ കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർമാർ എന്നിവരുടെ ചുമതലയിലാണ് പദ്ധതി സംഘാടനവും നിർവ്വഹണവും നടത്തിയത്. തരിശുഭൂമി കൃഷിക്ക് ഫാം പ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/ കോർപ്പറേഷന്റെ അംഗീകാരത്തോടെ നിശ്ചിത സമയപരിധിയിൽ വിജയകരമായി പൂർത്തീകരിച്ചു. ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും യഥാക്രമം കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പ്രിൻസിപ്പൽ കൃഷി ഓഫീസറും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിച്ചു.
- എല്ലാ കൃഷിഭവനുകൾ മുഖേനയും കൃഷി പാഠശാല ആരംഭിക്കുകയും, കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും ഇതിനാവശ്യമായ സാങ്കേതിക ഉപദേശം യഥാസമയം കർഷകർക്ക് നൽകുകയും ചെയ്തു .
- തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും ഉത്പാദനോപാധികളായ വിത്ത്, വളം, മുതലായവയുടെ ലഭ്യതയും ഉറപ്പാക്കി. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെയുള്ള സേവനങ്ങൾ കൃഷി പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി. കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, സി.റ്റി.സി.ആർ.ഐ., വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, കർഷകർ തമ്മിലുള്ള കൈമാറ്റത്തിലൂടെയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കി.
- പദ്ധതി നിർവ്വഹണം വിജയകരമായി പൂർത്തിയാക്കിയ കർഷകർക്ക് ധനസഹായം ലഭ്യമാക്കി.
- കൃഷിയോഗ്യമാക്കുന്നതിന് ആദ്യവർഷം വമ്പിച്ച ചെലവ് വരുന്നതിനാൽ കൃഷി ചെലവ് താരതമ്യേന കൂടുതലാണ്. ഇതിനായി പ്രാഥമിക കാർഷിക സഹകരണ ബാങ്ക് / സംഘങ്ങൾ, നാഷണലൈസ്ഡ് ബാങ്കുകൾ, മുഖേന കുറഞ്ഞ പലിശ നിരക്കിൽ (കിസ്സാൻ ക്രെഡിറ്റ് കാർഡ് - KCC ) വായ്പ സൗകര്യവും ലഭ്യമാക്കി.
- പ്രകൃതിക്ഷോഭം, കീടരോഗ ബാധകൾ എന്നിവമൂലം വിളനാശം സംഭവിക്കുവാൻ സാധ്യതയുള്ളതിനാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻ മന്ത്രി ഫസൽ ഭീമാ യോജന (PMFBY) എന്നീ പദ്ധതികളുടെ മാനദണ്ഡങ്ങളനുസരിച്ച് വിള ഇൻഷ്വർ ചെയ്യുന്നതിന് കർഷകരെ ബോധവൽക്കരണം നടത്തി വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കി.

**സുഭിക്ഷകേരളം പദ്ധതിയിലെ തരിശ് കൃഷിയിലൂടെ ലക്ഷ്യമിട്ടിരുന്ന 25,500 ഹെക്ടറിൽ 22,847 ഹെക്ടർ കൃഷിയിറക്കുവാൻ സാധിച്ചു.**

ഈ പരിപാടിയുടെ ഭാഗമായി ലഭ്യമായ തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി പഴവർഗ്ഗങ്ങൾ (പ്രത്യേകിച്ച് വാഴ, പപ്പായ) കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

**(എ) നെല്ല് :** സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിനു ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ബി) പച്ചക്കറി കൃഷി :** ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി 7000 ഹെക്ടർ സ്ഥലത്തു പച്ചക്കറി കൃഷി അധികമായി ചെയ്യുക എന്നതാണ് ലക്ഷ്യം. ഇതിനുള്ള പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു . നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(സി) ഫല വർഗ്ഗ കൃഷി :** 7000 ഹെക്ടർ സ്ഥലത്തു യോജ്യമായ ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ലക്ഷ്യമിട്ടിരുന്നു. ഹെക്ടർ ഒന്നിന് 40000 രൂപ പ്രകാരം ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഡി) കിഴങ്ങു കൃഷി :** കേരളത്തിൽ വളരെ യോജിച്ച ഇനങ്ങളായ ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുര കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്തു വരുന്നു. ഹെക്ടറിന് 30000 രൂപ സഹായത്തോടെ 5000 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി ലക്ഷ്യമിട്ടിരുന്നു. നാളിതുവരെ 4907 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്

**(ഇ) പയർ വർഗ്ഗ കൃഷി :** ഉഴുന്ന്, മുതിര , തുവര , ചെറുപയർ , വൻപയർ എന്നിവ ഒന്നാം വിളക്കോ രണ്ടാം വിളക്ക് ശേഷമോ കൃഷി ചെയ്യുന്നതാണ് ഇവിടത്തെ കൃഷി രീതി. ഒരു ഹെക്ടറിന് 30000 രൂപ സഹായത്തോടെ 500 ഹെക്ടർ സ്ഥലത്തു പയർ കൃഷിക്ക് സഹായം നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. നാളിതുവരെ 637 ഹെക്ടർ സ്ഥലത്തു തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(എഫ്) ചെറുധാന്യങ്ങൾ :** സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴേ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശു സ്ഥലത്തു കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന **നെല്ല് , പച്ചക്കറി , മറ്റ് പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ** സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യകൃഷിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, പയർവർഗ്ഗ - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ-വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും 70 ഹെക്ടറിൽ കിഴങ്ങ്-വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## 2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ

**1. നെൽകൃഷി വികസന പദ്ധതി :**

**2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :**

**A . സുസ്ഥിര നെൽകൃഷി വികസന പദ്ധതി :** സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**B . നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്-** സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68.16266 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**C . പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം -** പദ്ധതി പ്രകാരം പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 500 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**D . പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-** പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83334 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് സഹായധനം നൽകുന്നതിന് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**E . കരനെൽകൃഷി വികസനം-** കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ നിരക്കിൽ 404.41 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**F . തരിശുനില കൃഷി -**തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഒന്നാം വർഷം ഹെക്ടറൊന്നിനു ആകെ 40,000/- രൂപ (35,000/- രൂപ കർഷകനും, 5,000/- രൂപ ഭൂവുടമകൾക്കും)സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്ക് വേണ്ടി 300 ലക്ഷം രൂപ 750 ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നീക്കി വെച്ചിട്ടുണ്ട്.

**G . ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി -** ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**H . നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി -** നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷിയുടെ പ്രോത്സാഹനത്തിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**I . പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം -** പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പദ്ധതിയധിഷ്ഠിതമായുള്ള നെൽകൃഷി വികസന പ്രവർത്തനങ്ങൾക്ക് 136 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**J . ഓപ്പറേഷൻ കോൾ ഡബിൾ :** കോൾ മേഖലയിലെ പ്രോജക്ടാധിഷ്ഠിതമായുള്ള നെൽകൃഷി വികസനത്തിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2021-22 വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

| **ക്രമ നം.** | **ഇനം** | **തുക (ലക്ഷം രൂപ)** |
|---|---|---|
| 1 | പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കുന്നതിന് | 35 |
| 2 | ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി | 15 |
| 3 | 1000 ഹെക്ടറിൽ ഇരുപ്പൂ നെൽകൃഷി ചെയ്യുന്നതിന് (ഹെക്ടറിന് 10000 രൂപ പ്രകാരം) ആനുകൂല്യം | 100 |
| 4 | ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ ചോളം/എണ്ണക്കുരു വിളകൾ 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ പ്രകാരം ആനുകൂല്യം | 40 |
| 5 | വൈദ്യുതി കണക്ഷൻ / ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് | 5 |
| 6 | നിർവ്വഹണച്ചെലവ് | 5 |
| | **ആകെ** | **200** |

**K . പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തിര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം**

പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പമ്പ് സെറ്റിന്റെയും മറ്റ് മെഷിനറികളുടെയും റിപ്പയർ മുതലായ അടിയന്തിര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

**L . പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ് :** പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ ജില്ലാ തലത്തിലുള്ള സമിതിയും അഞ്ചു ലക്ഷത്തിലധികമായ പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ ശുപാർശയോടെ സംസ്ഥാനതല സമിതിയുമാണ് അംഗീകാരം നൽകുന്നത്.

## 2. മറ്റ് പദ്ധതികൾ

- മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയും നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

- നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസ് ആയി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

- നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നു.

## 3. കേന്ദ്രാവിഷ്കൃത പദ്ധതികൾ

**നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി , രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.**

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത് 2021-22 വർഷ ത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4500/- രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യ വർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4100 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

## 4. ജനകീയാസൂത്രണം :

ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്.

## 5. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന സാഹചര്യത്തിൽ നൽകുന്ന സഹായം

പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

**പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസൃതമായി നെൽവിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് "ജൈവ വൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവൽക്കരണവും".

"ജൈവ വൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവൽക്കരണവും" എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങളുടേയും പരമ്പരാഗത നെല്ലിനങ്ങളുടേയും പ്രോത്സാഹിപ്പിക്കു ന്നതിന് ഒരു ഹെക്ടറിന് 10,000/- രൂപ എന്ന തോതിൽ കർഷകർക്ക് നൽകിവരുന്നു. 2021-2022 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 25 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ വയനാട് ജില്ലയിലെ നെല്ലിനങ്ങൾ സംരക്ഷിച്ചു കൃഷി ചെയ്യുന്നതിനായി 5 ലക്ഷം രൂപ പ്രത്യേകമായും വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായുള്ള "പ്രത്യേക നെല്ലിനങ്ങൾക്കായുള്ള ധനസഹായം" എന്ന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് ഹെക്ടറിന് 10,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്തേക്കായി 50 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, ബസ്മതി മുതലായ ഇനങ്ങളാണ് ടി പദ്ധതി പ്രകാരം കൃഷി ചെയ്യുന്നത്.

2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ "കരി, കൈപ്പാട്, പൊക്കാളി എന്നീ പരമ്പരാഗത നെൽകൃഷി മേഖലകൾക്കുള്ള പ്രത്യേക ധനസഹായം" എന്ന ഘടക പദ്ധതി ഉൾപ്പെടുത്തി പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായമായി 136 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കൈപ്പാട് നിലങ്ങളിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗത നെല്ലിനങ്ങളുടെ വിത്തുത്പാദനം, കർഷകർക്ക് പരമ്പരാഗത നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിന് ആനുകൂല്യം, കാർഷികോത്പന്നങ്ങൾക്ക് വിപണന സൗകര്യമൊരുക്കൽ എന്നീ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൊക്കാളി പ്രദേശത്ത് 48.5233 ലക്ഷം രൂപയുടെയും കരി മേഖലയിൽ 39.90 ലക്ഷം രൂപയുടെയും കൈപ്പാട് മേഖലയിൽ 47.5767 ലക്ഷം രൂപയുടെയും പദ്ധതിയാണ് നടപ്പിലാക്കുന്നത്.

പരമ്പരാഗത വിത്തിനങ്ങളുടെ ഉല്പാദനത്തിനും പ്രചരണത്തിനുമായി പച്ചക്കറി വികസന പദ്ധതിയിൽ പ്രത്യേകം ഘടകം ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഓരോ പ്രദേശത്തിലും പ്രാധാന്യമുള്ള പച്ചക്കറി ഇനങ്ങൾ (ആനക്കൊമ്പൻ വെണ്ട, അഞ്ചൽ പയർ, പുള്ളി പയർ, വേങ്ങേരി വഴുതന, മലപ്പുണ്ട് വെളുത്തുള്ളി , ഓണക്കൂർ പാവൽ , ഇടയൂർ മുളക്, കാഞ്ഞങ്ങാട് ലോക്കൽ പയർ തുടങ്ങിയവ) കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 25,000 രൂപ അധികമായി ധനസഹായം നൽകി വരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ പരമ്പരാഗത പച്ചക്കറി ഇനങ്ങൾ കൃഷിചെയ്യുമ്പോൾ ആ ക്ലസ്റ്ററിലെ മറ്റു കൃഷിക്കാർക്ക് പ്രായോഗികമായ അറിവു പകർന്നു നൽകുവാൻ സാധിക്കുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിലൂടെ ഓരോ പ്രദേശത്തേയും പരമ്പരാഗത ഇനങ്ങൾ അന്യം നിന്നു പോകാതെ സംരക്ഷിക്കുവാൻ സാധ്യമാകുന്നു.

പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)യും നടപ്പിലാക്കുന്നു. പരമ്പരാഗത

കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ച 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കുന്നു. പൂർണമായും സ്വാഭാവിക കൃഷിയിലൂടെ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പിജിഎസ് ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും.